സബ് ലൈൻ നീട്ടികിട്ടുന്നതിന് നൽകിയിട്ടുള്ള അപേക്ഷകൾ

37 (867) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ സബ് ലൈൻ നീട്ടികിട്ടുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിന് മൂന്ന് വർഷത്തിലധികം പഴക്കമുള്ള എത്ര അപേക്ഷകൾ ഉണ്ടെന്ന് അറിയിക്കുമോ ;

(സി) അപേക്ഷകൾ ലഭിച്ചിട്ടും സബ് ലൈനുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 163 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) മൂന്നു വർഷത്തിലധികം പഴക്കമുള്ള അപേക്ഷകൾ ഇല്ല.

(സി) ഈ സ്ഥലങ്ങളിലേയ്ക്ക് പൈപ്പു ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ 80% പൂർത്തിയായി. ബാക്കി പ്രവർത്തികൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

പറക്കുളം ശുദ്ധജലവിതരണ പദ്ധതി

38 (868) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കപ്പൂർ പഞ്ചായത്തിലെ പറക്കുളം ശുദ്ധജല പദ്ധതി നടപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കപ്പൂർ പഞ്ചായത്തിലെ ശുദ്ധജലപദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറായി വരുന്നു.

തണ്ണിത്തോട് ശുദ്ധജല വിതരണ പദ്ധതി

39 (869) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ തണ്ണിത്തോട് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രൊപ്പോസൽ ഇപ്പോൾ ഏത് സ്ഥിതിയിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെങ്കിലും ധനകാര്യ സ്ഥാപനത്തെ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ ശുദ്ധജലവിതരണ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇ.പി.സി.എം (എൻജിനീയറിംഗ് പ്രൊക്യൂയർമെന്റ് കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ്) കോൺട്രാക്ട് രീതി ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 169.95 ലക്ഷം രൂപ.

(സി) ഇല്ല.

(ഡി) 2002 ഡിസംബറിൽ

പള്ളിക്കുന്നേൽ പഞ്ചായത്തിലെ ശുദ്ധജലവിതരണം

40 (872) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമലയാറ്റിൽ നിന്നും വെള്ളമെടുത്ത് ശുദ്ധീകരിച്ച് പള്ളിക്കുന്നേൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന സ്കീമിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം കേന്ദ്രാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സ്കീം എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മണിമലയാറ്റിൽ നിന്നും വെള്ളമെടുത്ത് നടപ്പാക്കുന്ന പദ്ധതിയായ മണിമലയും സമീപ വില്ലേജുകൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതി ഫെയ്സ് 2-ന് (എൽ.ഐ.സി.എയ്ഡഡ്) 627 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പള്ളിക്കത്തോട് പഞ്ചായത്ത് ഈ പദ്ധതിയിൽപ്പെട്ടതാണ്. (പള്ളിക്കുന്നേൽ ജില്ല).

(സി) സ്വീകരിച്ചുവരുന്നു.

ഓടുപാറ ശുദ്ധജലവിതരണ പദ്ധതി

41 (874) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly